നാം അറിഞ്ഞിരിക്കേണ്ട രണ്ട് സത്യങ്ങൾ

1. ദേഹവും ജീവിതവും തിരഞ്ഞെടുക്കാൻ ഇപ്പോൾ കഴിഞ്ഞിട്ടില്ലെങ്കിൽ ഭൂതകാലത്തിൽ അത് ഒരിക്കലും കഴിഞ്ഞിട്ടില്ല, ഭാവിയിൽ അത് കഴിയുകയുമില്ല എന്നത് യുക്തിയാണ്.സ്വന്തം ദേഹം ഏത് മതത്തിൽ,ജാതിയിൽ,വർഗ്ഗത്തിൽ,നിറത്തിൽ, ബുദ്ധിയിൽ,ആരോഗ്യാവസ്ഥയിൽ ആയിരിക്കണമെന്ന് തിരഞ്ഞെടുക്കാൻ അവകാശം നിഷേധിക്കപ്പെട്ടവരാണ് നാം എല്ലാം.ലഭിക്കുന്ന ദേഹത്തിന്റെ ഗുണങ്ങളും ദോഷങ്ങളും സാഹചര്യങ്ങളുമനുസരിച്ച് ഉണ്ടാകുന്ന അനുഭവങ്ങൾ ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും സ്വീകരിച്ച് ജീവിക്കാൻ വിധിക്കപ്പെട്ടവരാണ് നമ്മൾ.അങ്ങിനെ തിരഞ്ഞടുപ്പിന്റെ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ഏതു ദേഹവും ജീവിതസാഹചര്യങ്ങളും നിർബന്ധമായി സ്വീകരിക്കേണ്ടതിന്റെ രഹസ്യമ ബുദ്ധിയുണ്ടെന്ന് അഭിമാനിക്കുന്ന മനുഷ്യർ ഇതുവരെ കണ്ടെത്തിയിട്ടില്ല. അതിനായി ഇന്നുവരെ ആരും ശ്രമിച്ചിട്ടില്ല.അത് തികച്ചും ഒരു ബുദ്ധിശൂന്യതയല്ലേ ?
2. ദേഹം വേദനയുടെ ഒരു മാധ്യമമാണെന്നത് എല്ലാവരുടെയും അനുഭവമാണെങ്കിലും അത് ജീവിതത്തിന്റെ ഏറ്റവും വലിയ പ്രശ്നമാണെന്ന് ആരും കണക്കാക്കാറില്ല,അങ്ങിനെ പഠിപ്പിക്കപ്പെടുന്നുമില്ല. ആഹാരവും ജലവും മിതമായ ഊഷ്മാവും വേദനസംഹാരികളും നൽകി നാം ശരീരത്തെ ജനനം മുതൽ മരണം വരെ യാതൊരു പ്രയോജനവും ലക്ഷ്യവുമില്ലാതെ കൊണ്ടുനടക്കുന്നു. എന്തിനുവേണ്ടി ? എന്ന് ഇന്നുവരെ ആരും ആത്മാർത്ഥതയോടെ സ്വയം ചോദിച്ചിട്ടില്ല. ചോദിച്ചിട്ടുണ്ടെങ്കിൽ തന്നെ അതിന് ഉത്തരവും ലഭിച്ചിട്ടില്ല.അതിനാൽ ആ സത്യത്തെ അവഗണിച്ച് നാം ജീവിക്കുന്നു.

സഹോദരാ,ഇനി എങ്കിലും ഒന്ന് കണ്ണു തുറന്നുകൂടെ !

മേൽ പറഞ്ഞ രണ്ട് സത്യങ്ങളും യുക്തികൊണ്ട് ഒന്നുകൂടി കൂട്ടിവായിച്ചുനോക്കുക.ദേഹം തിരഞ്ഞെടുക്കാൻ കഴിയാതിരിക്കുകയും അത് വേദനയുടെ മാധ്യമമാകുകയും ചെയ്താൽ വേദനിക്കുന്നു എന്ന് അനുഭവിക്കുന്ന നിരീക്ഷകന് ഒരിക്കലും മരിക്കാൻ കഴിയില്ല.അതായത് ഞാൻ എന്ന അഹങ്കാരത്തോടെ വ്യക്തിബോധമായി എല്ലാവരിലും നിലനിൽക്കുന്ന നിരീക്ഷകൻ എന്ന സത്യം ദേഹത്തെ തുടർച്ചയായി സ്വീകരിച്ച് പലരീതിയിൽ വ്യത്യസ്ത ശക്തിയിൽ വേദനയെ അനുഭവിച്ചുകൊണ്ടേയിരിക്കും എന്നത് ശാസ്ത്രീയ സത്യമാണ്.

മാനസിക ദുഃഖം ശാരീരിക വേദനയിൽ നിന്നാണ് വരുന്നതെന്ന് അറിയാതെ ശാരീരിക സുഖത്തിനും മാനസിക സന്തോഷത്തിനുമായി അനേകായിരം മാർഗ്ഗങ്ങൾ മനുഷ്യന് കണ്ടെത്തേണ്ടതായി വന്നു.അതാണ് നാം ഇന്ന് കാണുന്ന ശാസ്ത്രീയ നേട്ടങ്ങളും ജീവിതസൗകര്യങ്ങളും വിനോദോപാധികളും.ലോക കോടീശ്വരന്മാരെല്ലാവരും തന്നെ പണം സമ്പാദിച്ചത്, വേദനയെയും ദുഃഖത്തെയും

വിറ്റിട്ടാണെന്ന് നിഷ്പ്രയാസം തെളിയിക്കാം.

ഉണരുക ! മറ്റ് ജീവജാലങ്ങളിൽ ഒന്നിലും കാണാത്ത വ്യക്തിബോധം എന്ന നിരീക്ഷകൻ മനുഷ്യനിൽ മാത്രം എങ്ങനെ വന്നുവെന്നും അത് എന്താണെന്നും മനസ്സിലാക്കുവാൻ ശ്രമിക്കുക.

സ്വന്തം ബോധത്തെ ഉയർത്തുക.കുട്ടികളുചെ ബോധത്തെ ഉയർത്തുവാനുള്ള സ്കൂളുകൾ സ്ഥാപിക്കുക.

ബോധവും ബുദ്ധിയും രണ്ടാണെന്ന് തിരിച്ചറിയുക.ബോധത്തെ ഉയർത്തുമ്പോൾ ജീവിതാനുഭവങ്ങൾ മറ്റൊരു തലത്തിലേയ്ക്ക് ഉയരുന്നതിനായി കാണാം.അവിടെ ചോദ്യങ്ങളും ഉത്തരങ്ങളും അപ്രത്യക്ഷമാകും.

കൂടുതൽ വിവരങ്ങൾക്ക്

www. awaro 1 ogy. org

**Nansen School of Awarology**

1/414 Vadakottathra, Agali, Palakkad. Tel : 9496 520 103, 8921 653 758